No. CEE/4600/2019/KEAM-2020/TA4

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## KEAM-2020

## എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം–2020

## വിദ്യാർത്ഥികളുടെ ശ്രദ്ധയ്ക്ക്

2020–21 അധ്യയന വർഷത്തെ എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിലെ പ്രവേശനത്തിനായുള്ള ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ **30.09.2020** ന് ആരംഭിച്ച് **06.10.2020** രാവിലെ **10.00** മണിക്ക് അവസാനിക്കുന്നതാണ്. **03.10.2020** വൈകുന്നേരം **5.00** മണി വരെ ലഭിക്കുന്ന ഓപ്ഷൻ അനുസരിച്ചുള്ള ട്രയൽ അലോട്ട്മെന്റ് **04.10.2020** ന് പ്രസിദ്ധീകരിക്കുന്നതാണ്. ട്രയൽ അലോട്ട്മെന്റിൽ ലഭിക്കുന്ന സീറ്റ് സാധ്യത മനസ്സിലാക്കി വിദ്യാർത്ഥികൾക്ക് ആവശ്യമെങ്കിൽ ഓപ്ഷൻ പുന:ക്രമീകരണം നടത്താവുന്നതാണ്. നിശ്ചിത തീയതിയ്ക്കുള്ളിൽ ഓപ്ഷൻ സമർപ്പണം നടത്താത്ത വിദ്യാർത്ഥികളെ അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല. എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിലേയ്ക്ക് അപേക്ഷിച്ച വിദ്യാർത്ഥികളിൽ ചിലരുടെ അപേക്ഷകളിലെ അപാകതകൾ മൂലം ഫലം തടഞ്ഞുവെച്ചിട്ടുണ്ടെങ്കിലും അവർക്കും ഓപ്ഷൻ രജിസ്ട്രേഷൻ നടത്താവുന്നതാണ്. എന്നാൽ അത്തരം വിദ്യാർത്ഥികൾ **04.10.2020, 2.00** മണിക്ക് മുമ്പ് ന്യൂനതകൾ പരിഹരിക്കാത്ത പക്ഷം അവരെ അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല. പഠിക്കാനുദ്ദേശിക്കുന്ന കോഴ്സ്, കോളേജ്, ഫീസ് എന്നിവ വ്യക്തമായി മനസ്സിലാക്കി വേണം ഓപ്ഷൻ ക്രമീകരണം നടത്തേണ്ടത്.

**കോട്ടയം സെന്റ് ഗിറ്റ്സ് കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ ഗവ.സീറ്റുകളിൽ കാണിച്ചിരുന്ന ഫീസ് സെമസ്റ്റർ ഫീസ് ആയ 37,500/- രൂപ ആണെന്നും വാർഷിക ഫീസ് 75,000/– രൂപ ആയിരിക്കുമെന്നും കോളേജ് അധികൃതർ അറിയിച്ചിട്ടുള്ളതിനാൽ വെബ്സൈറ്റിൽ പ്രസ്തുത കോളേജിന്റെ പുതുക്കിയ ഫീസ് (75,000/– രൂപ) ഉൾപ്പെടുത്തിയിട്ടുള്ളത് വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.**

**ഹെൽപ് ലൈൻ നമ്പർ: 0471-2525300**

തിരുവനന്തപുരം
**02.10.2020**

**പ്രവേശന പരീക്ഷാ കമ്മീഷണർ**